2020 ഏപ്രിൽ 16 വ്യാഴം

# നാട്ടുപച്ച

## വായനക്കൂട്ടം മാഗസിൻ

## സി.എൻ.എൻ. ഗേൾസ് ഹൈസ്കൂൾ ചേർപ്പ്

കൊറോണക്കാലം | വായനക്കാലം

# വായനാക്കുറിപ്പുകൾ




നന്ദന രാജ് 8 സി.

## അമ്മ

മാക്സിം ഗോർക്കി

പരിഭാഷ : ഗോപാലകൃഷ്ണൻ




**മാ**ക്സിം ഗോർക്കിയുടെ അമ്മ എന്ന നോവലിന്റെ പരിഭാഷയുടെ പത്താം പതിപ്പാണ് ഈ പുസ്തകം. തൊഴിലാളി വർഗ്ഗത്തിന്റെ ഇച്ഛാശക്തി നിഷ്ഠൂരമായ അടിച്ചമർത്തലുകളെ അതിജീവിക്കുന്ന കഥകൾ ലോക ചരിത്രത്തിൽ എന്നുമുണ്ട്. അമ്മ പ്രസിദ്ധീകരിച്ചിട്ട് നൂറ് വർഷം കഴിഞ്ഞു. ഒരമ്മ തൊഴിലാളി വർഗ്ഗത്തിന്റെ പോരാട്ടത്തെ പിന്തുണയ്ക്കുന്നതാണ് നോവലിലെ ഇതിവൃത്തം.

അമ്മയെന്ന നോവൽ പോലെ ഇത്രയേറെ പേർ വായിക്കുകയും ജനകോടികളുടെ ജീവിതത്തെ ഇത്രയധികം സ്വാധീനക്കുകയും ചെയ്ത പുസ്തകങ്ങൾ ലോക സാഹിത്യ ചരിത്രത്തിൽ വിരളമാണ്.

ഈ പുസ്തകം ഏതൊരു വായനക്കാരെയും ഏറെ ആകർഷിക്കുന്ന ഭാഷയിലാണ് എഴുതിയിരിക്കുന്നത്. യൂറോപ്പിലെ തൊഴിലാളി വർഗ്ഗത്തെ മാത്രമല്ല പിന്നീട് ഇതര ഭൂഖണ്ഡങ്ങളിലെ കോടാനുകോടി വാനക്കാരെയും സംബന്ധിച്ച് അവർ അനുഭവിക്കുന് അടിച്ചമർത്തലുകൾ അവസാനിപ്പിക്കുന്നതിന് ഈ നോവൽ പ്രേരണയായിത്തീർന്നു.

തൊഴിലാളി വർഗ്ഗത്തിന്റെ ജീവിതം, സ്വാച്ഛാധിപ്ത്യത്തിനും ബൂർഷ്വാസികൾക്കുമെതിരെയുള്ള സമരം, വിപ്ലവബോധത്തിന്റെ വളർച്ച, തൊഴിലാളികളുടെ ഇടയിൽ നിന്നും തന്നെയുള്ള നേതാക്കളുടെ ആവിർഭാവം ഇതൊക്കെയാണ് അമ്മ എന്ന നോവലിലെ പ്രധാന വിഷയങ്ങൾ.

നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്ന മറ്റൊരു വസ്തുത കൂടിയുണ്ട്. തൊഴിലാളി വർഗ്ഗ സമരത്തെ വിവരിക്കുന്ന ഈ നോവലിൽ ഒരൊറ്റ മുതലാളിയെപ്പോലും ചിത്രീകരിച്ചിട്ടില്ല. അതിൽ മിക്കവർക്കും സ്വന്തമായി പേരുപോലുമില്ലാത്ത തൊഴിലാളികളുമുണ്ട്.

വ്യക്തിത്വത്തിന്റെ നാശം, ആത്മാവിന്റെ പുനരുത്ഥാനം, എന്നീ രണ്ടു പ്രമേയങ്ങളാണ് ഗോർക്കിയുടെ നോവലിലെ ഉള്ളടക്കം. ജനങ്ങളെയും സമുദായത്തെയും ചരിത്രഗതിയെയും എതിർത്തു നിൽക്കുന്ന മനുഷ്യന്റെ വ്യക്തിത്വം ക്ഷയിച്ച് നാശമടയുമെന്നത് അനിവാര്യമാണ്.

നോവലിന്റെ ഒടുവിൽ അതിന്റെ ശോകാത്മകമായ പര്യവസാനത്തിൽ മനുഷ്യനിലും അവന്റെ ഭാവിയിലും വിശ്വാസം തുളുമ്പുന്ന വാക്കുകൾ പറയുന്നത് കേവലം യാദൃശ്ചികതയല്ല. പുതുജീവൻ നേടിയ ആത്മാവിനെ കൊല്ലാൻ സാധ്യമല്ല.

ഈ നോവൽ ഏതൊരു വായനക്കാരെയും ആകർഷിക്കുന്ന തരത്തിലുള്ളതാണ്. ഇത് എല്ലാവരും വായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.



പൂജ രാജേഷ്

## ചെറുകാടിന്റെ ബാലസാഹിത്യം

**ചെ**റുകാട് എന്ന് തൂലികാനാമമുള്ള ഗോവിന്ദ പിഷാരടി എഴുതിയ പുസ്തകമാണ് ചെറുകാടിന്റെ ബാലസാഹിത്യം. തന്തക്കുറുക്കൻ, തെരുവിന്റെ കുട്ടി, ഒരു ദിവസം, കറുപ്പൻ കുട്ടി തുടങ്ങിയ കഥകളും ചിറ്റുവിളക്ക്, രക്തേശ്വരി തുടങ്ങിയ നാടകങ്ങളും അടങ്ങിയ ഒരു കൊച്ചു സമാഹാരമാണ് ഇത്.

മറ്റുള്ളവരെ അമിതമായി വിശ്വസിച്ചാൽ നമുക്ക് ആപത്തുണ്ടാകും. എന്നാൽ അത് തിരിച്ചറിയാനാകാത്ത ഒരു പുള്ളിമാനിന്റെ കഥയാണ് തന്തക്കുറുക്കൻ. ഇന്ന് കാണുന്ന ഈ കപട ലോകത്തിൽ നല്ലതേത് ചീത്തയേത് എന്നറിയാത്ത നിഷ്കളങ്ക മനസ്സിനുടമയാണ് പുള്ളിമാൻ. ജീവിതത്തിന്റെ നല്ലവഴി പറഞ്ഞുകൊടുക്കാൻ അവന് ഒരു കാക്ക കൂട്ടിനുണ്ടായിരുന്നു. എന്നാൽ മൃദുലമായ സ്വരവും ആരേയും ആകർഷിക്കുന്ന വാക്കുകളും കൊണ്ട് അവനെ ഒരു കുറുക്കൻ മയക്കി. ഇന്നത്തെ പുതുതലമുറയ്ക്ക് കഥാകൃത്ത് നൽകുന്ന സന്ദേശവുമതാണ്. സ്വരമധുരിമ കൊണ്ടും ആകർഷണീയതകൊണ്ടും മാത്രം ജീവിതത്തെ തിരഞ്ഞെടുക്കരുതെന്ന് കഥാകൃത്ത് ഓർമ്മിപ്പിക്കുന്നു.

ഒരു നേരത്തെ ഭക്ഷണത്തിനായി അലയുന്ന കുട്ടിയുടെ കഥയാണ് തെരുവിന്റെ കുട്ടി. പത്തു കാശ് കിട്ടാനായി അറിയാവുന്ന ജോലികളെല്ലാം അവൻ ചെയ്തു. പണി ചെയ്തുകഴിഞ്ഞാൽ പത്തു പൈസ കൊടുക്കാതെ അവർ അവനെ ആട്ടിയോടിക്കും. അങ്ങനെയിരിക്കെ സ്കൂൾ വിട്ടു വരുന്ന ഒരു കുട്ടിയെ അവൻ കണ്ടു. അവർ തമ്മിൽ സംസാരിച്ചു. തെരുവിന്റെ കുട്ടി ഒരു മോഹം പ്രകടിപ്പിച്ചു. അവന് പഠിക്കണം. ആ കുട്ടിയെ അവൻ സർ എന്ന് വിളിച്ചു. തെരുവിന്റെ കുട്ടി അങ്ങനെ ഓരോരോ അക്ഷരങ്ങളായി പഠിച്ചുവന്നു. അങ്ങനനെയിരിക്കെയാണ് വഴിയോരത്ത് ഒരു കുഞ്ഞ് കിടക്കുന്നത് അവൻ കണ്ടത്. നാടിന് ആർക്കും വേണ്ടാത്ത തെണ്ടിയെ സമ്മാനിച്ചതിന് ചെറുക്കൻ ആ കുഞ്ഞിന്റെ മാതാപിതാക്കളെ ശപിച്ചു. ചെറുക്കൻ എന്നാണ് ആ തെരുവിലെ ആളുകൾ അവനെ വിളിക്കാറുണ്ടായിരുന്നത്. ചെറുക്കൻ പഴയൊരു ഹിന്ദുവിൽ നിന്നും തർജ്ജമ ചെയ്ത് പഴയ ഒരു ലേഖനം അവൻ പത്രാധിരെ ഏൽപ്പിച്ചു. അദ്ദേഹം ഇതെഴുതിയത് തെരുവിന്റെ മകനാണെന്ന കാര്യം മറന്നു. അവനാ ലേഖനം അത്രത്തോളം നന്നാക്കിയിട്ടുണ്ടായിരുന്നു. സി. എന്ന പേരിൽ ചെറുക്കൻ ലേഖനങ്ങൾ എഴുതിത്തുടങ്ങി. ഇപ്പോൾ അവന് ജീവിക്കാൻ പോന്ന വരുമാനമുണ്ട്. മുപ്പത് അണ സമ്പാദിക്കുന്ന അവൻ വളരെ കുറച്ചു മാത്രം തന്റെ ആവശ്യങ്ങൾക്ക് എടുത്ത് ബാക്കിയുള്ളവ താൻ കടന്നുവന്ന ജീവിതരീതിയുള്ള കുഞ്ഞുങ്ങൾക്ക് അവൻ ദാനം ചെയ്തു.

കറുപ്പൻ കുട്ടി എന്ന കഥയിൽ ഒരു ആട്ടിൻ കുട്ടി, അവൻ കറുപ്പായതുമൂലം കേൾക്കുന്ന അവഹേളനങ്ങളും ഒടുക്കം ഒരാപത്തിൽ പെട്ടപ്പോൾ മറ്റ് ചെമ്മരിയാടിൻ കുട്ടികളെ രക്ഷിച്ചതുമാണ് കഥയിലെ പ്രമേയം. നിഷ്കളങ്കനായ കറുപ്പൻ മറ്റുള്ളവർ എന്നെ സ്നേഹിക്കണം എന്നാശിച്ചു. വളരെ നിഷ്കളങ്കത തുളുമ്പുന്ന അവനിലൂടെ കഥാകൃത്ത് വിമർശനാത്മകമായി പിന്തള്ളപ്പെടുന്ന സമൂഹത്തെ തുറന്നു കാട്ടുന്നു.

വളരെ പ്രസിദ്ധനായ നാടകകൃത്ത് കൂടിയായ ചെറുകാടിന്റെ ചിറ്റുവിളക്ക്, രക്തേശ്വരി തുടങ്ങിയ നാടകങ്ങളും ഈ പുസ്തകത്തിലുണ്ട്.